**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 230/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

മലങ്കര ഓർത്തഡോക്സ് സഭയുടെ മദ്യവർജ്ജന സമിതിയുടെ പ്രസിഡന്റ് ആയി യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായെയും, വൈസ് പ്രസിഡന്റുമാരായി തണ്ണിക്കോട്ട് കുര്യാക്കോസ് കത്തനാർ, വറുഗീസ് ജോർജ്ജ് കത്തനാർ, വട്ടിയാനിക്കൽ മാത്യൂസ് കത്തനാർ, ചകിരിയിൽ ഡോ. തോമസ് കത്തനാർ എന്നിവരെയും സെക്രട്ടറിയായി അലക്സ് മണപ്പുറത്ത്, ട്രഷറാർ ആയി ഡോ. റോബിൻ ജെ. മാത്യു എന്നിവരെയും ചുമതലപ്പെടുത്തിയിരിക്കുന്നു. ഇവരുടെ നേതൃത്വത്തിൽ സമിതിയുടെ പ്രവർത്തനം വളരെ ഭംഗിയായി നടക്കുന്നതിൽ നമുക്ക് സന്തോഷമുണ്ട്. മദ്യവർജ്ജന സമിതിയുടെ പ്രവർത്തനം ഇടവക തലത്തിൽ ഊർജ്ജിതപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് വേണ്ടതായ നടപടികൾ ഇടവകകൾ സ്വീകരിക്കണം. ഒക്ടോബർ 2 ലോക ലഹരി വിരുദ്ധ ദിനമായി ആചരിക്കുകയാണല്ലോ. അന്നേ ദിവസം കോട്ടയം ഗാന്ധി പ്രതിമയ്ക്ക് സമീപം ഏകദിന കൂട്ട ഉപവാസം നടത്തുന്നതാണ്. ലഹരി നിയമം കർശനമായി നടപ്പാക്കുക, മദ്യലഭ്യത കുറയ്ക്കാനുള്ള മദ്യനയം നടപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തുന്ന ഉപവാസത്തിൽ പരമാവധി പേർ എത്തിച്ചേരണം. ഇതിന് മുന്നോടിയായി ഇതോടോപ്പം അയയ്ക്കുന്ന പ്രതിജ്ഞ, സെപ്തംബർ 29-ന് ഇടവക തലത്തിൽ എല്ലാവരും ചേർന്ന് എടുക്കേണ്ടതുമാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ഓഗസ്റ്റ് മാസം 28-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

# മലങ്കര ഓർത്തഡോക്സ് സഭ
## മദ്യവർജ്ജന സമിതി

## ലഹരി വിരുദ്ധ പ്രതിജ്ഞ

എന്റെ ശരീരം ദൈവത്തിന്റെ മന്ദിരം ആകുന്നുവെന്നും/ദൈവത്തിന്റെ ആത്മാവ് എന്നിൽ വസിക്കുന്നു എന്നും ഞാൻ അറിയുന്നു/അതിനാൽ എന്നെയും മാനവരാശിയെയും മാരകമായി നശിപ്പിക്കുന്ന മദ്യം/മയക്കുമരുന്ന്/പുകയില/പാൻമസാലകൾ എന്നീ തിന്മകൾ ഞാൻ അനുവർത്തിക്കുന്നതല്ല/അവയുടെ ഉത്പാദനം/ഉപയോഗം/വിതരണം എന്നിവ ഞാൻ പ്രോത്സാഹിപ്പിക്കുന്നതല്ല/ആരോഗ്യത്തെയും കുടുംബ സമാധാനത്തെയും/നാടിന്റെ പുരോഗതിയെയും/തകർക്കുന്ന ഈ തിന്മകൾക്ക് ഞാൻ ഒരിക്കലും അടിമയാവുകയില്ല/അവയ്ക്ക് ഇടനൽകുന്ന എല്ലാ സാഹചര്യങ്ങളെയും ഞാൻ ഒഴിവാക്കും/ലഹരിക്ക് അടിമകളായവരെ അതിൽ നിന്നും പിൻതിരിപ്പിക്കുവാൻ/ഞാൻ പരിശ്രമിക്കുകയും/മാനസികമായും ശാരീരികമായും ആരോഗ്യമുള്ള തലമുറയ്ക്കായി/ഞാൻ അദ്ധ്വാനിക്കുകയും ചെയ്യുമെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു/ ഞാൻ എടുത്തിരിക്കുന്ന ഈ തീരുമാനം പൂർണ്ണ ഗൗരവത്തോടെ പാലിക്കുമെന്നും, ലഹരി മുക്ത സമൂഹത്തിനായി പ്രയത്നിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.